# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

## പൗരാവകാശരേഖ 2023

# ആമുഖം

താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും നിവാസികൾക്കും അല്ലാത്തവരുമായ പൗരൻമാർക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും അവ ലഭ്യമാക്കുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളും, ലഭ്യമാകുന്ന സമയപരിധിയും വിവരിച്ച് കൊണ്ട് ഭരണസമിതി അംഗീകരിച്ച പ്രസിദ്ധീകരിക്കുന്ന രേഖയാണ് പൗരാവകാശ രേഖ.

ഓരോ വ്യക്തിയ്ക്കും ജനനം മുതൽ മരണം വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടേണ്ടിവരുന്നുണ്ട്.

ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള ദൂരം അനുനിമിഷം ഇല്ലാതാക്കുകയും വിജ്ഞാനം വിരൽ തുമ്പിൽ എത്തി നിൽക്കുകയും ചെയ്യുന്ന വർത്തമാനകാല സാഹചര്യങ്ങളിൽ പോലും ഓഫീസ് നടപടികളെക്കുറിച്ചുള്ള അജ്ഞത നിമിത്തം ആനുകൂല്യങ്ങളും സർട്ടിഫിക്കറ്റുകളും ലഭിക്കുന്നതിന് കാലതാമസം വരികയും ചിലരെങ്കിലും ചൂഷണത്തിനു വിധേയരാകുകയും ചെയ്യുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്.

സാഹചര്യങ്ങൾക്കനുസരിച്ച് വേഗതയാർന്ന ജീവിതം സ്വായത്തമാക്കിയ നമ്മുടെ അജ്ഞതചൂഷണം ചെയ്യുന്നതിന് മറ്റൊരാൾക്കും അവസരം നൽകുവാൻ ഇടയാകാ തിരിക്കാൻ നാം ശ്രദ്ധിക്കേണ്ടിതുണ്ട്.

ജനാധിപത്യത്തിൽ ജനജീവിതത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും അറിയുവാനുള്ള അവകാശവും അധികാരവും ഓരോ പൗരനുമുണ്ട്.

നീതി നിർവ്വഹണത്തിനായി നിർമ്മിക്കപ്പെട്ട നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ ആവശ്യത്തിനനുസരിച്ച് വരുത്തുന്നതാണ്. ആധുനിക സംസ്കാരത്തിന്റെ ഏറ്റവും എടുത്തുപറയാവുന്ന സവിശേഷത എന്നുപറയുന്നത് നിയമപരിരക്ഷയാണ്.ഇന്നത്തെ മനുഷ്യന് ആവശ്യമായ എല്ലാ പരിരക്ഷയും ലഭിക്കുന്നത് നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കപ്പെടുന്നതുകൊണ്ടാണ്.

അധികാരത്തിന്റെ ചരിത്രദൗത്യ നിർവ്വഹണം സാധാരണ ജനതയ്ക്ക് നീതി നിഷേധിക്കുമ്പോൾ ആർദ്രസ്നേഹത്തിന്റെ ദർശനസാന്നിദ്ധ്യമാണ് നമുക്കാവശ്യം.

നീതി നിഷേധത്തിനെതിരായ ജാഗ്രത സമൂഹത്തെ ഉദാരവത്ക്കരിക്കുന്ന വളർച്ചയായി മാറണം. നാം നമുക്കുവേണ്ടി നിർമ്മിച്ച നിയമങ്ങളുടെ ആഴമളക്കാനുള്ള നിതാന്തമായ അന്വേഷണശ്രമത്തിന്റെ ഫലമാണ് അറിയാനുള്ള അവകാശം.

നമുക്ക ലഭിക്കേണ്ട സേവനത്തിന് നാം പാലിക്കേണ്ട വ്യവസ്ഥകൾ അറിഞ്ഞിരിക്കുന്നത് സേവനം സമയബന്ധിതമായി ലഭിക്കുന്നതിന് സഹായകരമാകും. അതോടൊപ്പം തന്നെ നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചില്ലെങ്കിൽ പ്രതികരിക്കുന്നതിനും . താമരശ്ശേരി ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ ഗ്രാമപഞ്ചായത്ത് നിവാസികൾക്കായി സമർപ്പിക്കുന്നു.

ഒപ്പ്
മുഹമ്മദ് അബ്ദുറഹിമാൻ ജെ ടി
പ്രസിഡന്റ്

## പൊതു വിവരങ്ങൾ

| | | |
|---|---|---|
| പേര് | : | താമരശ്ശേരി ഗ്രാമപഞ്ചായത്ത് |
| ഉത്ഭവം | : | 1936 – 1937 |
| ജില്ലാ | : | കോഴിക്കോട് |
| പാർലമെന്റ് മണ്ഡലം | : | കോഴിക്കോട് |
| നിയസഭാ മണ്ഡലം | : | കൊടുവള്ളി |
| വാർഡുകൾ | : | 19 |
| താലൂക്ക് | : | താമരശ്ശേരി |
| വില്ലേജുകൾ | : | 2 |
| വിസ്തീർണ്ണം | : | 27.17 ച. കി.മീ. |
| ജനസംഖ്യ | : | 35,706 |
| അതിരുകൾ | : | കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് (വടക്ക്)<br>ഉണ്ണികുളം ഗ്രാമപഞ്ചായത്ത് (പടിഞ്ഞാറ്)<br>ഓമശ്ശേരി ഗ്രാമപഞ്ചായത്ത് (കിഴക്ക്)<br>കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് (തെക്ക്) |

<u>**താമരശ്ശേരി    ഗ്രാമപഞ്ചായത്ത്**</u>

1. **ശ്രീ. മുഹമ്മദ് അബ്ദുറഹിമാൻ   ജെ ടി**
   പ്രസിഡൻറ്
2. **ശ്രീ മതി. സൗദാ ബീവി**
   വൈസ് പ്രസിഡണ്ട് / ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
3. **ശ്രീ  അയ്യൂബ് ഖാൻ**
   ചെയർമാൻ / വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
4. **ശ്രീമതി. . മഞ്ജിത  കെ**
   ചെയർപേഴ്സൺ / ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5. **ശ്രീ  അരവിന്ദൻ   എ**
   ചെയർമാൻ / ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

സെക്രട്ടറി : **ശ്രീമതി  . ബിന്ദു  ഐ എസ്**

## വാർഡുകളും മെമ്പർമാരുടെ പേരുകളും

| ക്രമ നമ്പർ | വാർഡിന്റെ പേര് | മെമ്പർമാരുടെ പേര് | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | തേക്കുംതോട്ടം | സൗദാ ബീവി (വൈസ്. പ്രസിഡന്റ് ) | 9895057791 |
| 2 | വട്ടക്കൊരു | ആയിഷ മുഹമ്മദ് | 9526144042 |
| 3 | കോരങ്ങാട് | ഫസീല ഹബീബ് | 9567800056 |
| 4 | ചുങ്കം നോർത്ത് | വള്ളി വി എം | 7736233908 |
| 5 | ചുങ്കം സൗത്ത് | മുസ്തഫ എ പി | 9447426913 |
| 6 | വെഴുപ്പൂർ | എ പി സജിത്ത് | 9400682350 |
| 7 | താമരശ്ശേരി | ജോസഫ് മാത്യു | 9895312838 |
| 8 | കാരാടി | മഞ്ജിത കെ (ചെയർപെഴ്സൺ –ക്ഷേമകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി) | 8943790915 |
| 9 | കുടുക്കിലുമ്മാരം | ഷംസിത ഷാഫി | 9072969305 |
| 10 | അണ്ടോണ | അനിൽ കുമാർ | 9847492190 |
| 11 | രാരോത്ത് | അബ്ദുൾ അസീസ് | 9447025436 |
| 12 | പരപ്പൻപൊയിൽ ഈസ്റ്റ് | മുഹമ്മദ് അബ്ദുറഹിമാൻ ജെ ടി (പ്രസിഡന്റ് ) | 8547420541 |
| 13 | പരപ്പൻപൊയിൽ വെസ്റ്റ് | എ അരവിന്ദൻ (ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിങ്ങ് കമ്മിറ്റി) | 9447636905 |
| 14 | ചെമ്പ്ര | എം ടി അയ്യൂബ്ഖാൻ(ചെയർമാൻ വികസന സ്റ്റാൻറിങ്ങ് കമ്മിറ്റി) | 9061331173 |
| 15 | കെടവൂർ | എം വി യുവേഷ് | 9946450988 |
| 16 | ഈർപ്പോണ | ഖദീജ സത്താർ | 7558930351 |
| 17 | തച്ചംപൊയിൽ | ആർഷ്യ ബി എം | 9447050966 |
| 18 | പള്ളിപ്പുറം | റംല ഖാദർ | 9539038603 |
| 19 | അവേലം | ബുഷ്റ അഷ്റഫ് | 9847883432 |

# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

## പൗരാവകാശരേഖ

23-11-2023 ലെ 13(1) ംംം .നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചത്

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധി |
|---|---|---|---|
| 1 | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി താമരശ്ശേരി ഗ്രാമപ.ഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രവേശിച്ച് ഉടമസ്ഥാവകാശം ഡൗൺലോഡ് ചെയ്ത് എടുത്ത് ആയത് ആവശ്യപ്പെടുന്ന സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.<br>ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന വിധം<br>https://tax.lsgkerala.gov.in എന്ന വെബ് സൈറ്റിൽ പ്രവേശിക്കുക.<br>Select District→ Change to Gramapanchayat→ click serach → select Thamarassery Gramapanchayat→ click Ownership certificate→select ward year (2010)→ward number , Door number ,Sub number( if any) → click on search.<br>ഇത്തരത്തിൽ ഓൺലൈനായി സാക്ഷ്യപത്രം ലഭിക്കുന്നതിന് തൻവർഷത്തെ നികുതി അടച്ചിരിക്കേണ്ടതാണ്. | തൽസമയം |
| | | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.അപേക്ഷയിൽ അപേക്ഷകന്റെ പേര് , വീട്ടു നമ്പർ , വീട്ട് പേര് , താമസിക്കുന്ന സ്ഥലം , മൊബൈൽ നമ്പർ എന്നിവ വ്യക്തമായി എഴുതിയിരിക്കണം.കെട്ടിടം പുതുക്കി പണിയുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ നിയമാനുസൃതം കംപ്ലീഷൻ സർട്ടിഫിക്കറ്റ് വാങ്ങി അതിന്പ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തിയാൽ മാത്രമേ സർട്ടിഫിക്കകറ്റ് നൽകുകയുള്ളൂ.തന്നാണ്ടത്തെ നികുതി ഉൾപ്പടെ യാതൊരു നികുതി ബാധ്യതയും ഉണ്ടായിരിക്കാൻ പാടില്ല.രജിസ്ററിൽ ഉള്ള ഉടമസ്ഥന്റെ പേരിൽ മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. | ഒരു ദിവസം |
| 2 | റസിഡൻഷ്യൽ | റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് 5 രൂപ കോർട്ട് ഫീ | 3 ദിവസം |

| | | | |
|---|---|---|---|
| | സർട്ടിഫിക്കറ്റ് | സ്റ്റാമ്പ് പതിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്.അപേക്ഷയിൽ ഉടമയുടെ/താമസക്കാരന്റെ പേര് , വിലാസം ,നിലവിലുള്ള വീട്ട് നമ്പർ ,വാർഡ് നമ്പർ , മൊബൈൽ നമ്പർ എന്നിവ വ്യക്തമായി എഴുതിയിരിക്കണം.നികുതി ബാധ്യത ഉണ്ടായിരിക്കാൻ പാടില്ല. വാടകക്ക് താമസിക്കുന്ന ആളാണ് അപേക്ഷകനെങ്കിൽ കെട്ടിട ഉടമയുടെ സമ്മതപത്രമോ / വാടക ചീട്ടോ ഹാജരാക്കേണ്ടതാണ്. | |
| 3 | ജമ മാറ്റം | ജമ മാറ്റത്തിന് വസ്തു കൈമാറ്റം ചെയ്ത് 3 മാസത്തിനകം പേക്ഷിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫോറത്തിലാണ് അപേക്ഷിക്കേണ്ടത്. അകേക്ഷയോടൊപ്പം (1) ആധാരത്തിന്റെ അസ്സലും (2)പകർപ്പും (3)അപേക്ഷ സമർപ്പിക്കുന്നതുവരെയുള്ള നികുതി അടച്ച രസീതിന്റെ പകർപ്പും (4)ജമ മാറ്റ ഫീസും (5) വസ്തു വിവരപ്പട്ടികയിൽ കെട്ടിത്തിന്റെ കാര്യം പറഞ്ഞിട്ടില്ലെങ്കിൽ ബന്ധപ്പെട്ട സർവ്വെയിൽതന്നെയാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത് എന്നുള്ള സർവ്വെയർ/വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.കെട്ടി ഉടമ മരണപ്പെട്ടാൽ അനന്തരാവകാശികളുടെ പേരിലേക്ക് ഉടമസ്ഥാവകാശം മാറ്റുന്നതിന് താഴെ പറയുന്ന രേകകൾ കൂടി ഹാജരാക്കേണ്ടതാണ്.<br>1.മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>2.തഹസിൽദാരിൽ നിന്നുള്ള അവകാശ സർട്ടിഫിക്കറ്റ്. കെട്ടിടം ഉടമ മരണപ്പെട്ട് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആധാരങ്ങളുടെ ഒറിജിനൽ പരിശോധനയ്ക്കുശേഷം മടക്കി നൽകുന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ജമമാറ്റങ്ങൾക്ക് സമയപരിധി കഴിഞ്ഞതിനുശേഷം സമർപ്പിക്കുന്ന അപേക്ഷയിൽ സെക്രട്ടറി നിശ്ചയിക്കുന്ന നിയമാനുസൃത പിഴ ഒടുക്കേണ്ടതാണ്. | 10 ദിവസം |
| 4 | കെട്ടിട നിർമ്മാണ അനുവാദം | ഹാജരാക്കേണ്ട രേഖകൾ/നിബന്ധനകൾ<br>1. A2 ഫാറം<br>2. NOC ക്ക് വേണ്ടിയുള്ള 5 രൂപ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ (മാതൃക അനുബന്ധം 21)<br>3. പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസ്സൽ പരിശോധനക്ക് ഹാജരാക്കണം) (ഫോറം. എ 2. ഇനം7)<br>4. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>5. ഉടമസ്ഥന്റെ പേരിൽ ഭൂനികുതിയടച്ച രസീതിന്റെ പകർപ്പ്<br>6. ചട്ടം 7 ലെ സബ്റൂൾ5,6,8,9 ലെ നിബന്ധനകൾ | 15 ദിവസം |

| | | | |
|---|---|---|---|
| | | വിധേയമായിട്ടുള്ള ഡിഫൻസ്, റെയിൽവെ സെക്യൂരിറ്റിസോൺ എന്നിവയുടെ സംഗതിയിൽ N.O.C ലഭിക്കുന്നതിന് അയച്ച് നല്കുന്നതിന് വേണ്ടിയുള്ള റഫ് സ്കെച്ച് (സ്ഥല അതിര്ത്തികൾ നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടത്തിലേക്ക് അതിർത്തികളിൽ നിന്നുള്ള ദൂരം പ്രത്യേകം കാണിച്ചിട്ടുള്ള രൂപരേഖ)<br>7. തണ്ണീർത്തടം/നിലം ആയിട്ടുള്ള വസ്തുവിലെ കെട്ടിട നിര്മ്മാണത്തിന് മുമ്പായി റവന്യൂ അധികാരികളുടെ ഉത്തരവ്/ സാക്ഷ്യപത്രം എന്നാൽ ടി സ്ഥലത്ത് നേരത്തെ കെട്ടിടം ഉണ്ടായിരുന്നത് പൊളിച്ച് പുതുതിയത് പണിയുന്നതിന് / കൂട്ടി ചേര്ക്കുന്നതിന് / ക്രമവല്കരിക്കുന്നതിന് റവന്യൂ അധികാരികളുടെ ഉത്തരവ് / സാക്ഷ്യപത്രം ആവശ്യമില്ല.<br>അപേക്ഷകൾ സങ്കേതം സോഫ്റ്റ് വെയർ വഴി സമർപ്പിക്കേണ്ടതാണ്. യഥാസമയം ഫീസുകൾ അടവാക്കാത്തതിനും അപാകതകൾ പരിഹരിക്കാത്തതിനും മേൽ സമയ പരിധി ബാധകമല്ല. | |
| | നിർമ്മാണ പെർമിറ്റുകൾ(പുതിയവയ്ക്കും ഉപയോഗ മാറ്റത്തിനും ക്രമവൽക്കരിക്കുന്നതിനും) | 1.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാമ ചട്ടം അനുബന്ധം എ യിൽ ഉള്ള അപേക്ഷ(5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്.)<br>2.പട്ടയം/ആധാരത്തിന്റെ പകർപ്പ്<br>3.ഭൂമിയുടെ തരം രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ്<br>4.ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ്<br>5.ബിൽഡിങ്ങ് പ്ലാൻ , സൈറ്റ് പ്ലാൻ , സെക്ഷൻ , എലിവെഷൻ , ടെറസ് പ്ലാൻ , സ്പെസിഫിക്കേഷൻ , സർവ്വീസ് പ്ലാൻ<br>6.പാർക്കിങ്ങ് പ്ലാൻ<br>7.മഴവെള്ള സംഭരണി പ്ലാൻ(ആവശ്യമെങ്കിൽ)<br>8.ബിൽഡിങ്ങ് ലൈസൻസിയുടെ ലൈസൻസ് പകർപ്പ്<br>9.ഫയർ , പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ മറ്റ് അധികാര സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ<br>10.ചട്ടം 7 ലെ സബ്റൂൾ 5,6,8,9 ലെ നിബന്ധനകൾക്ക് വിധേയമായിട്ടുള്ള ഡിഫൻസ് , റയിൽവേ സെക്യൂരിറ്റി സോൺ എന്നിവയുടെ സംഗതിയിൽ NOC ലഭിക്കുന്നതിന് വേണ്ടിയുള്ള റഫ് സ്കെച്ച്.( സ്ഥല അതിർത്തികൾ നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിലേക്ക് അതിർത്തികളിൽ നിന്നുള്ള ദൂരം കാണിക്കുന്ന പ്രത്യേക രൂപ രേഖ) | 15 ദിവസം |

| | | | |
|---|---|---|---|
| | | 11.തണ്ണീർത്തടം / നിലം ആയിട്ടുള്ള വസ്തുവിലെ കെട്ടിട നിർമ്മാണത്തിന് മുമ്പായി , റവന്യൂ അധികാരികളുടെ ഉത്തരവ്.<br>അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ വഴി സമർപ്പിക്കേണ്ടതാണ്.യഥാസമയം ഫീസുകൾ അടവാക്കാത്തതിനും അപാകതകൾക്കും സമയ പരിധി ബാധകമല്ല | |
| 5 | സ്ഥലം ഡെവലപ്മെന്റിനുള്ള പെർമിറ്റുകൾ | 1.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാമ ചട്ടം അനുബന്ധം എ യിൽ ഉള്ള അപേക്ഷ(5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്.)<br>2.പട്ടയം/ആധാരത്തിന്റെ പകർപ്പ്<br>3.ഭൂമിയുടെ തരം രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ്<br>4.ഭൂനികുതി അടച്ച രസീതിന്റെ പകർപ്പ്<br>5.സൈറ്റ് പ്ലാൻ , സർവ്വീസ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ<br>6.ബിൽഡിങ്ങ് ലൈസൻസിയുടെ ലൈസൻസ് പകർപ്പ് | 15 ദിവസം |
| 6 | ഒക്യുപെൻസി സർട്ടിഫിക്കറ്റ് | 1.വെള്ളക്കടലാസിൽ ഉള്ള അപേക്ഷ<br>2.നിശ്ചിത ഫോറത്തിൽ ഉള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് | 15 ദിവസം |
| 7 | പെർമിറ്റ് കൈമാറ്റം ചെയ്യൽ | 1.വസ്തു കൈമാറ്റം ചെയ്ത വ്യക്തിയുടെയും കൈമാറിക്കിട്ടിയ വ്യക്തിയുടെയും അപേക്ഷകൾ<br>2.പെർമിറ്റിന്റെ പകർപ്പ്<br>3.സ്ഥലം കൈമാറ്റം ചെയ്തതിന്റെ രേഖകൾ<br>4.കൈവശാവകാശ സർട്ടിഫിക്കറ്റ് | 15 ദിവസം |
| 8 | പെർമിറ്റ് കാലാവധി നീട്ടൽ | 1.വെള്ളക്കടലാസിൽ ഉള്ള അപേക്ഷ<br>2.ഒറിജിനൽ പെർമിറ്റും പ്ലാനും<br>3.കൈവശാവകാശ സർട്ടിഫിക്കറ്റ്<br>4.ഓൺലൈൻ ആയി ലഭിച്ച പെർമിറ്റുകൾക്ക് ഓൺലൈൻ അപേക്ഷ | 15 ദിവസം |
| 9 | ജനന മരണ രജിസ്ട്രേഷൻ | ജനനം/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിനകം<br>റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ ഹാജരാക്കേണ്ട രേഖകൾ / നിബന്ധനകൾ<br>ഫോറം I – ജനനം<br>ഫോറം II – മരണം<br>ഫോറം III – നിര്ജ്ജീവ ജനനം<br>ജനനം / മരണം / നിര്ജ്ജീവ ജനന റിപ്പോർട്ട്<br>ആശുപത്രിലേക്കുള്ള യാത്രാ മദ്ധ്യേ വാഹനത്തിൽ വെച്ച് സംഭവിച്ച മരണമാണെങ്കിൽ അനുബന്ധം ഒന്നിലെ സത്യപ്രസ്താവന.<br>ഫീസില്ല | 7 ദിവസം(ആശുപത്രിയിൽ വെച്ചാണെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം) |

| | | | |
|---|---|---|---|
| 10 | | ജനനം/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിന് ശേഷം 30 ദിവസം വരെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ ഹാജരാക്കേണ്ട രേഖകൾ / നിബന്ധനകൾ<br>ഫോറം I – ജനനം<br>ഫോറം II – മരണം<br>ഫോറം III – നിർജീവ ജനനം<br>ജനനം / മരണം / നിർജീവ ജനന റിപ്പോർട്ട് രജിസ്റ്റർ ചെയ്യുവാൻ വൈകിയതിന്റെ കാരണം കാണിച്ചു കൊണ്ടുള്ള 5 രൂപ കോർട്ട് ഫീ പതിച്ച അപേക്ഷ – അനുബന്ധം<br>ആശുപത്രിലേക്കുള്ള യാത്രാ മദ്ധ്യേ വാഹനത്തിൽ വെച്ച്<br>സംഭവിച്ച മരണമാണെങ്കിൽ അനുബന്ധം ഒന്നിലെ സത്യപ്രസ്താവന.<br>ലേറ്റ് ഫീ 2 രൂപ | 7 ദിവസം(ആശു പത്രിയിൽ വെച്ചാണെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം) |
| 11 | | ജനനം/മരണം നടന്ന് 30 ദിവസത്തിന് ശേഷം ഒരു വർഷത്തിനകം വിവരം നല്കുന്ന സംഗതികളിൽ ഹാജരാക്കേണ്ട രേഖകൾ / നിബന്ധനകൾ<br>ഫോറം ഒന്ന് – ജനന റിപ്പോർട്ട്2 കോപ്പി)<br>ഫോറം രണ്ട്–മരണ റിപ്പോർട്ട്(2 കോപ്പി)<br>രജിസ്റ്റർ ചെയ്യുവാൻ വൈകിയതിന്റെ കാരണം കാണിച്ചു<br>കൊണ്ട് അനുവാദത്തിനുള്ള അപേക്ഷ ( 5 രൂപയുടെ കോർ ഫീ പതിക്കണം)<br>നോട്ടറിയൊ അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനൊ സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ്മൂലം<br>രജിസ്ട്രാറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുമതി ലഭിച്ചതിന് ശേഷം 5 രൂപ ലേറ്റ് ഫീസ് | പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടറിൽ നിന്ന് അനുമതി ലഭിച്ച് 7 പ്രവർത്ത്ദിവസത്തിനകം |
| 12 | | ജനനം/മരണം നടന്ന് ഒരു വര്ഷത്തിനു ശേഷമുള്ള സംഗതികളിൽ<br>ഹാജരാക്കേണ്ട രേഖകൾ / നിബന്ധനകൾ<br>അപേക്ഷ ( 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചത് )<br>ഫോറം ഒന്ന് – ജനന റിപ്പോർട്ട് (2 കോപ്പി) / ഫോറം രണ്ട്–<br>മരണ റിപ്പോർട്ട് (2 കോപ്പി)<br>രജിസ്ട്രാറില്ലിന്നുള്ള നോണ്അവൈലബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് അനുമതിക്കായി<br>അപേക്ഷിക്കണം.അനുമതി ലഭ്യമായ ശേഷം 10 രൂപ ലേറ്റ് ഫീ അടക്കം രജിസ്ട്രാർക്ക് അപേക്ഷിക്കുക. | സബ്ഡിവിഷണൽ മജിസ്ട്രേറ്റിൽ നിന്ന് അനുമതി ലഭിച്ച് 7 ദിവസത്തിനു സേഷം |

| | | | |
|---|---|---|---|
| 13 | | വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ<br>60 ദിവസത്തിനകം സമർപ്പിക്കുന്ന സംഗതികളിൽ<br>ഹാജരാക്കേണ്ട രേഖകൾ / നിബന്ധനകൾ<br>ജനന റിപ്പോർട്ട് (2 കോപ്പി) ഫോറം 1<br>ഏത് സ്ഥലത്ത് സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു<br>എന്നത് സംബന്ധിച്ച് 100 രൂപ മുദ്രപത്രത്തിലുള്ള<br>സത്യവാങ്മൂലം മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ<br>പകർപ്പ്<br>കുട്ടിയുടെ ജനനതീയതി കാണിക്കുന്ന ഏതെങ്കിലും രേഖ<br>(അമ്മയുടേയോ കുട്ടിയുടേയോ<br>പാസ്പോർട്ട്/ആശുപത്രിയിലെ രേഖ/ മറ്റേതെങ്കിലും<br>രേഖ)<br>60 ദിസത്തിന് ശേഷം<br>മുകളിലെ ക്രമ നമ്പർ 1,2,3,4 പ്രകാരമുള്ള രേഖകൾ<br>വൈകിയതിന്റെ കാരണം കാണിക്കുന്ന അഫിഡവിറ്റ് -<br>നോട്ടറി / ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്തത്. (ജില്ല<br>രജിസ്ട്രാർക്ക് അപേക്ഷിക്കുന്ന സംഗതികളിൽ) (മാതൃക<br>അനുബന്ധം 3 കാണുക)<br>60 ദിവസത്തിനകം രജിസ്ട്രേഷന്നടത്തിയിട്ടില്ലെന്ന<br>സെക്രട്ടറിയുടെ റിപ്പോർട്ട്<br>അടക്കേണ്ട ഫീസ്<br>60 ദിവസം വരെ ആവശ്യമില്ല<br>60 ദിവസം മുതൽ വർഷം വരെ പഞ്ചായത്ത് ഡെപ്യൂട്ടി<br>ഡയറക്ടറുടെ അനുമതിയോടെ - 5 രൂപ ലേറ്റ് ഫീ<br>1 വർഷത്തിന് ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റ്<br>(RDO) ന്റെ അനുമതിയോടെ - 10 രൂപ ലേറ്റ് ഫീ | കുട്ടി<br>ഇന്ത്യയിലെത്തി<br>ത്തി 60<br>ദിവസത്തിനകം<br>കം റിപ്പോർട്ട്<br>ടചെയ്യുകയാണെ<br>ണെങ്കിൽ<br>റിപ്പോർട്ട്<br>ലഭിച്ച് 30<br>ദിവസത്തിനകം<br>കം .<br>വൈകിയുളള<br>സന്ദർഭങ്ങളിൽ<br>ൽ അനുമതി<br>ലഭിച്ച് 7<br>പ്രവർത്തി<br>ദിവസത്തിനകം<br>കം |
| **14** | | ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ<br>ഹാജരാക്കേണ്ട രേഖകൾ / നിബന്ധനകൾ<br>ജനന റിപ്പോർട്ട്<br>ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവിന്റെ<br>പകർപ്പ്<br>മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന<br>രേഖ<br>അടക്കേണ്ട ഫീസ്<br>21 ദിവസത്തിനകം - ആവശ്യമില്ല, 21 മുതൽ 30 വരെ -<br>2 രൂപ 30 ദിവസത്തിന് ശേഷം ഒരു വർഷം വരെ - 5<br>രൂപ ലേറ്റ് ഫീ<br>ഒരു വർഷത്തിന് ശേഷം - 10 രൂപ ലേറ്റ് ഫീ | ദത്തെടുക്കൽ<br>സംബന്ധിച്ച<br>കോടതി<br>ഉത്തരവ്<br>ഹാജരാക്കി 10<br>പ്രവർത്തി<br>ദിവസത്തിനുസേ<br>സേഷം |
| 15 | | നിയമപരമായി ദത്തെടുക്കാത്ത കുട്ടിളുടെ ജനന<br>രജിസ്ട്രേഷൻ<br>ഹാജരാക്കേണ്ട രേഖകൾ/നിബന്ധനകൾ<br>ജനന റിപ്പോർട്ട് | |

| | | | |
|---|---|---|---|
| | | വിശ്വസനീയരായ 2 വ്യക്തികളില്ലിന്നുള്ള സത്യപ്രസ്താവന<br>മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖ(എസ്.എസ്.എല്.സി ബുക്ക്, റേഷൻ കാർഡ്, വോട്ടേഴ്സ് ഐ.ഡി, ആധാർ കാർഡ് മറ്റുമുള്ള രേഖകൾ)<br>ലേറ്റ് ഫീ – 10 രൂപ | |
| 16 | ജനന രജിസ്റ്ററിൽ പേരു ചേർക്കൽ / തിരുത്തൽ | സ്കൂളിൽ ചേർക്കുന്നതിന് മുമ്പുളള പേര് ചേർക്കലും പേര് തിരുത്തലും<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച മാതാവിന്റെയോ പിതാവിന്റെയോ രക്ഷിതാവിന്റെയോ അപേക്ഷ (G.O(p) 199 / 2015 / LSGD/dt 23.6.2015)<br>അപേക്ഷയിൽ ഒപ്പ് വെച്ചിരിക്കുന്നവരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ<br>തിരുത്തലുകൾക്ക് വെള്ളക്കടലാസിൽ സത്യവാങ്മൂലവും മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റും (സർക്കുലർ നമ്പർ 31512/RD3/13 തസ്വഭവ തിയ്യതി 17.10.2013)<br>രജിസ്ട്രേഷന്തീയതിക്ക് ശേഷം ഒരു വർഷം വരെ ഫീസ് അടക്കേണ്ടതില്ല. ഒരു വർഷത്തിന് ശേഷം 5 രൂപ ലേറ്റ് ഫീസ് തിരുത്തലുകൾക്ക് കോംമ്പൌണ്ടിംഗ് ഫീ 50 രൂപ | 7 പ്രവർത്തി ദിവസം |
| 17 | | സ്കൂളിൽ ചേർത്തതിന് ശേഷം<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>സ്കൂൾ രേഖയുടെ ശരിപകർപ്പ് / സ്കൂൾ രേഖയിലെ പേര്, ജനനതീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുളള സാക്ഷ്യപത്രം അപേക്ഷകർ മാതാവ്/പിതാവ്/രക്ഷിതാവാണെങ്കിൽ അവരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്(കുട്ടിയെ സ്കൂളിൽ ചേർത്തിട്ടില്ലെങ്കിൽ)<br>ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം | 7 പ്രവർത്തി ദിവസം |
| 18 | | സ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ (6 വയസ്സിന് ശേഷം)<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>അപേക്ഷയിൽ ഒപ്പുവെച്ചിരിക്കുന്നവരുടെ തിരിച്ചറിയൽ രേഖകൾ<br>മാതാപിതാക്കളുടെ എല്ലാ കുട്ടികളുടെയും പേര്, ജനനതീയതി, ജനന ക്രമം എന്നിവ കാണിക്കുന്ന സത്യവാങ്മൂലം മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖകൾ | 7 പ്രവർത്തി ദിവസം |
| 19 | | ജനന രജിസ്റ്ററിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ചേർത്ത പേര് സ്കൂൾ രേഖയിലേതുപോലെ | 7 പ്രവർത്തി ദിവസം |

| | | | |
|---|---|---|---|
| | | തിരുത്തുന്നതിന്<br>തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കികൊണ്ടുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിക്കളുടെ/ അപേക്ഷകന്റെ സത്യവാങ്മൂലം 100 രൂപ മുദ്രപത്രത്തിൽ<br>50 രൂപ (കോമ്പൌണ്ടിംഗ് ഫീ) | |
| 20 | | മാതാപിതാക്കളുടെ പേര്, (ഇനീഷ്യൽ വികസിപ്പിക്കൽ ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കൽ മേൽവിലാസത്തിലെ അക്ഷരതെറ്റുകൾ) തിരുത്തൽ<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ തിരുത്തൽ സംബന്ധിച്ച് നോട്ടറി, 2 ഗസറ്റഡ് ഓഫീസർമാർ വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റ്<br>തിരിച്ചറിയൽ രേഖ<br>പ്രായപൂർത്തിയാകാത്ത കുട്ടിയുടെ സംഗതികളിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷ (5 രൂപ കോർട്ട് ഫീ<br>സ്റ്റാമ്പ് പതിച്ചത് ) അല്ലെങ്കിൽ കുട്ടി പ്രായ<br>പൂർത്തിയായതാണെങ്കിൽ കുട്ടിയുടെ അപേക്ഷ<br>തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം<br>വ്യക്തമാക്കുന്ന സത്യവാങ്മൂലം<br>കോംപൌണ്ടിംഗ് ഫീസ് 50/ രൂപ | |
| 21 | ജനന-മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിലെ തിരുത്തൽ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ(മാതൃക-അനുബന്ധം 13 കാണുക)<br>ജനനം/മരണ റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നല്കിയ<br>വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരുത്തല്കത്ത്<br>(സ്ഥാപനം നിലവിൽ ഇല്ലാതായിട്ടുണ്ടെങ്കിലോ വീട്ടിൽ<br>വെച്ച് നടന്ന ജനന-മരണങ്ങളുടെ<br>കാര്യത്തില്റിപ്പോർട്ട് ചെയ്ത ആള്<br>ജിവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന്<br>സത്യവാങ്മൂലം മതിയാകുന്നതാണ് )<br>ജനിച്ച/മരിച്ച ആളുടെ പേര്, അവരുടെ<br>മാതാപിതാക്കളുടെ പേര്, വിലാസം എന്നിവ<br>തിരുത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വില്ലേജ്<br>ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>തിരുത്തലാണെങ്കിൽ ഡ്രൈവിംഗ് ലൈസൻസ്,<br>പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ് റേഷന്കാർഡ്<br>ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ<br>പകര്പ്പ്<br>വിശ്വസനീയമായ രണ്ട് വ്യക്തികളുടെ<br>ഡിക്ലറേഷൻ(വസ്തുതാപരമായ തിരുത്തലുകൾക്ക് ) | 7 പ്രവർത്തി ദിവസം |

| | | | |
|---|---|---|---|
| | | മുമ്പ് കൈപ്പറ്റിയ സർഫിക്കറ്റ് (കൈപ്പറ്റിയിട്ടുണ്ടെങ്കില്മാത്രം) | |
| 22 | എ 2 1970 ഏപ്രിൽ 1 ന് മുമ്പുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ | ചീഫ് രജിസ്ട്രാർക്കുള്ള അപേക്ഷ (അനുബന്ധം 13 കാണുക) സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്<br>ജനനം/മരണ റിപ്പോർട്ട് ചെയ്ത വ്യക്തിയുടെ അപേക്ഷ (വ്യക്തി ജീവിച്ചിരിപ്പില്ലെങ്കില്അത് സംബന്ധമായ സത്യവാങ്മൂലം)<br>മാതാപിതാക്കള്ക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നവോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന നിശ്ചിത ഫോറത്തിലുള്ള സത്യവാങ്മൂലം (ജനനം രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് )<br>ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റെവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം<br>രണ്ട് വിശ്വസനീയ വ്യക്തികളിൽ നിന്നുള്ള ഡിക്ലറേഷൻ<br>ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി അധികാരികളുടെ തിരുത്തലുകളും ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് ഗൈനക് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും. സ്ഥാപനം നിലവിലില്ലെങ്കിൽ പ്രസ്തുത വിവരത്തിനുള്ള സത്യവാങ്മൂലം | അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസം |
| 23 | വിവാഹ രജിസ്ട്രേഷൻ | വിവാഹം കഴിഞ്ഞ് **15** ദിവസത്തിനുള്ളിൽ<br>1. വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ ( മാതൃകാ ഫോറം 1) (1957 ലെ ഹിന്ദുവിവാഹ രജിസ്ട്രേഷൻ ചട്ടം)<br>2. വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ<br>3. വരന്റെ/വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർ പിരിഞ്ഞതിന്റെ /പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ<br>4. വിവാഹം കഴിഞ്ഞ് 15 ദിവസത്തിന് ശേഷം എന്നാൽ 30 ദിവസം കഴിയാത്ത സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിന് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച സംയുക്ത അപേക്ഷ. | 3 ദിവസം |
| 24 | | വിവാഹം നടന്ന് 30 ദിവസത്തിന് ശേഷം<br>വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ(മാതൃകാ ഫോറം 1) (1957 ലെ ഹിന്ദുവിവാഹ രജിസ്ട്രേഷൻ ചട്ടം 1957)<br>പേര്, വയസ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ<br>വരന്റെ/വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേര്പിരിഞ്ഞതിന്റെ/ ആദ്യ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ | 3 ദിവസം |

| | | | |
|---|---|---|---|
| | | 4. കാലതാമസം മാപ്പാക്കുന്നതിന് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച തദ്ദേശ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കുമുള്ള അപേക്ഷ | |
| 25 | | വിവാഹം നടന്ന് അഞ്ച് കൊല്ലത്തിനകം ഉള്ള രജിസ്ട്രേഷൻ<br>നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 2 പകർപ്പുകൾ<br>പാസ്പോർട്ട് സൈസ് ഫോട്ടോ– 2 അധികം സെറ്റ്<br>ജനനതീയതി തെളിയിക്കുന്ന രേഖ<br>(എസ്.എസ്.എൽ.സി.ബുക്ക്/ ജനന സർട്ടിഫിക്കറ്റ്/<br>ഡ്രൈവിംഗ് ലൈസൻസ്/ പാസ്പോർട്ട് / സ്കൂൾ<br>പ്രവേശന രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ<br>ജനനതീയതി കാണിക്കുന്ന മറ്റേതെങ്കിലും രേഖ<br>വിവാഹം നടന്നതിന്റെ തെളിവായി മതാധികാര<br>സ്ഥാപനത്തിന്റെ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ<br>സാക്ഷ്യപത്രം അല്ലെങ്കിൽ , പഞ്ചായത്ത് മെമ്പർ<br>സാക്ഷ്യപ്പെടുത്തി നല്കിയ നിശ്ചിത ഫോറത്തിലുള്ള<br>പ്രഖ്യാപനം (ഫോറം നമ്പർ: II)<br>ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പും വിദേശതാമസ സ്ഥലത്തിന്റെ മേൽവിലാസവും സെക്യൂരിറ്റി നമ്പറും സമർപ്പിക്കേണ്ടതാണ്. (സ.ഉ(പി)18/2015/ തീയതി 23.9.2015)<br>രജിസ്ട്രേഷൻ ഫീസ് – 100 രൂപ<br>ബി.പി.എൽ /എസ്.സി/എസ്.ടി ക്കാർക്ക് – 10 രൂപ<br>സർട്ടിഫിക്കറ്റിനുള്ള ഫീസ് – 20 രൂപ (അധിക<br>സർട്ടിഫിക്കറ്റ് ഫീസ് 25 രൂപ)<br>വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞ സംഗതികളിൽ 100 രൂപ പിഴ കൂടി അടക്കണം | 7 ദിവസം |
| 26 | | വിവാഹം നടന്ന് അഞ്ച് വർഷത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ<br>അപേക്ഷ<br>നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 3<br>പകർപ്പുകൾ<br>ഫോട്ടോ– 3 സെറ്റ്<br>ജനനതീയതി തെളിയിക്കുന്ന രേഖ<br>(എസ്.എസ്.എൽ.സി.ബുക്ക്/ ജനന സർട്ടിഫിക്കറ്റ്/<br>ഡ്രൈവിംഗ് ലൈസൻസ്/ പാസ്പോർട്ട്/ സ്കൂൾ<br>പ്രവേശന രജിസ്റ്ററിന്റെ പകർപ്പുകൾ അല്ലെങ്കിൽ<br>ജനനതീയതി കാണിക്കുന്ന മറ്റേതെങ്കിലും രേഖ<br>വിവാഹം നടന്നതിന്റെ തെളിവായി മതാധികാര<br>സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം അല്ലെങ്കിൽ | അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസം |

| | | | |
|---|---|---|---|
| | | സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ പഞ്ചായത്ത് മെമ്പർ നല്കിയ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫോറം നമ്പർ: II) അല്ലെങ്കിൽ വിവാഹം നടന്നു എന്ന് തദ്ദേശ രജിസ്ട്രാർക്ക് ബോധ്യമാകുന്ന മറ്റെന്തെങ്കിലും രേഖകൾ | |
| 27 | വിവാഹം രജിസ്ട്രേഷനിലെ അടിസ്ഥാന വിവരങ്ങളിലെ തിരുത്തലുകൾ | രജിസ്ട്രാർ ജനറലിനുള്ള സംയുക്ത അപേക്ഷ(5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം).ശരിയായ വിവരങ്ങൾ ഉൾക്കൊ.ള്ളുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്. | അനുമതി ലഭിച്ച് 7 ദിവസം |
| 28 | | പേര്, വയസ്, തീയതി മുതലായ സാരവത്തായ സംഗതികളിൽ ഒഴിച്ച്<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായവിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ<br>ഫീസ് 100 രൂപ അടച്ച വിവരങ്ങൾ<br>ക്ലറിക്കൽ തെറ്റുകൾക്ക് ഫീസില്ല. മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള ഫീസ് 100 രൂപ മുൻകൂട്ടി അടച്ചിരിക്കണം | |
| 29 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | അർഹതാ മാനദണ്ഡങ്ങൾ<br>കുടുംബ വാർഷികക വരുമാന പരിധി 1,00,000 രൂപ<br>വയസ്സ് 60<br>കേരള സംസ്ഥാനത്ത് മൂന്നു വർഷമെങ്കിലും സ്ഥിരതാമസമുണ്ടായിരിക്കണം (ജി.ഒ.(പി.) 47/95/ സ.ക്ഷേ.വ തീയതി 13.12.95)<br>ഹാജരാക്കേണ്ട രേഖകൾ<br>നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ<br>പ്രായം തെളിയിക്കുന്നതിന് സ്കൂൾ രേഖകളോ, പള്ളിരേഖകളോ, ജനനസർട്ടിഫിക്കറ്റോ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡോ ഹാജരാക്കണം. ഇവ ലഭ്യമല്ലെങ്കിലുമാത്രം സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാം.<br>സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ് , മേൽവിലാസം കാണിക്കുന്ന മറ്റ് ഏതെങ്കിലും രേഖയുടെ പകർപ്പ് )<br>4. തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ രേഖ /ആധാർകാർഡ് /ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ)<br>5. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസ്സിൽ | 40 ദിവസം |

| | | | |
|---|---|---|---|
| | | നിന്നുള്ള സർട്ടിഫിക്കറ്റ് (ജി.ഒ(എം.എസ് ) 8/2015 എസ്.ജെ.ഡി തീയതി 12/2/2015) | |
| 30 | അഗതി പെൻഷൻ(വിധവകൾക്കും ൾക്കും വിവാഹമോചിതർക്കും) | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ<br>വിധവ ആണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റോ, വിവാഹ മോചിതയാണെങ്കിൽ വിവാഹ മോചനം നേടിയതിന്റെ രേഖയോ വില്ലേജ് ഓഫീസറിൽ നിന്നുള്ള സര്ട്ടിഫിക്കറ്റോ.(G.O (MS)136/2007/ RT. Dt 27/4/2007)<br>അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷക ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ( റേഷൻ കാർഡ് /മേൽവിലാസം തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ)<br>തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് /ആധാർകാർഡ്/ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ)<br>വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസ്സറിൽ നിന്നുള്ള സര്ട്ടിഫിക്കറ്റ് (ജി.ഒ(എം.എസ് ) 8/2015 എസ്.ജെ.ഡി തീയതി 12/2/2015)(വരുമാന പരിധി 1,00,000/ രൂപ) | 40 ദിവസം |
| 31 | വികലാംഗ പെൻഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ<br>പ്രായപരിധി ഇല്ല<br>സ്ഥിരതാമസം തെളിയിക്കുന്ന ഒരു രേഖ (റേഷൻ കാർഡ് /മേൽവിലാസം കാണിക്കുന്ന മറ്റ് രേഖകളുടെ പകർപ്പ് )<br>വികലാംഗത്വം തെളിയിക്കുന്ന രേഖ<br>വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസ്സരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ജി.ഒ(എം.എസ് ) 8/2015 എസ്.ജെ.ഡി തീയതി 12/2/2015)<br>അർഹതാമാനദണ്ഡം<br>കുടുംബ വാർഷിക വരുമാനം – 1,00,000 രൂപ<br>ശാരീരിക മാനസിക വൈകല്യങ്ങൾ<br>അസ്ഥിവൈകല്യം – ചുരുങ്ങിയത് – 40%<br>അന്ധർ – ലെൻസി ഉപയോഗിച്ചിട്ടും കാഴ്ചശക്തി 6/60 അഥവാ 20/200 സ്നെല്ലനിൽ(Snellen) അധികരിക്കാത്തത്<br>ബധിരർ – കേൾവി ശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്<br>മാനസിക വൈകല്യം – ഐ.ക്യൂ. 50 ൽ താഴെ | 40 ദിവസം |

| | | | |
|---|---|---|---|
| 32 | 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ( 2 പകർപ്പുകൾ) അവിവാഹിതയാണെന്നും വരുമാനവും പ്രായവും തെളിയിക്കുന്നതുമായ വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ജി.ഒ(എം.എസ്) 8/2015 എസ്.ജെ.ഡി തീയതി 12/2/2015)<br>കുടുംബ വാർഷിക വരുമാനം – 1,00,000 രൂപ വരെ<br>50 വയസ് പൂർത്തിയായിരിക്കണം<br>കേരള സംസ്ഥാനത്ത് സ്ഥിരതാമസക്കാരിയായിരിക്കണം | 40 ദിവസം |
| 33 | കർഷകതൊഴിലാളി പെൻഷൻ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം<br>പ്രായം തെളിയിക്കുന്നതിന് സ്കൂൾ രേഖകളോ പള്ളിരേഖകളോ, ജനനസർട്ടിഫിക്കറ്റോ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡോ ഹാജരാക്കണം. ഇവ ലഭ്യമല്ലെങ്കിൽ മാത്രം സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാം.<br>ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ<br>വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്<br>അർഹതാ മാനദണ്ഡം<br>കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല..<br>60 വയസ് പൂർത്തിയായിരിക്കണം<br>കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം<br>അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി 10 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ | 45 ദിവസം |

| | | | |
|---|---|---|---|
| 34 | തൊഴിൽ രഹിത വേതനം | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>എസ്.എസ്.എൽ.സി ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്<br>പഞ്ചായത്തിൽ സ്ഥിര താമസം സംബന്ധിച്ച രേഖ<br>ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ<br>വികലാംഗ സർട്ടിഫിക്കറ്റ്(ബാധകമായവർക്ക് മാത്രം)<br>ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് പകർപ്പ് (ഒറിജിനൽപരിശോധനയ്ക്ക് ഹാജരാക്കണം.)<br>അർഹതാ മാനദണ്ഡം<br>എസ്.എസ്.എൽ സി പാസായിരിക്കണം. പട്ടികജാതി / പട്ടികവർഗ്ഗ/വികലാംഗർ എന്നീ വിഭാഗക്കാർക്ക് സ്കൂളിൽ പഠിച്ച് എസ്.എസ്.എൽ.സി പരീക്ഷക്ക് ഹാജരായാലും പരിഗണിക്കാം.<br>കുടുംബവാർഷിക വരുമാന പരിധി 12,000/- രൂപയും വ്യക്തിഗത വരുമാനം പ്രതിമാസം 100 രൂപയിലും അധികരിക്കരുത്<br>പ്രായം 18 നും 35 നും മദ്ധ്യേ<br>എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ 18 വയസ്സിന് ശേഷം തുടർച്ചയായി വികലാംഗർക്ക്/ പട്ടികജാതിക്കാർക്ക്/പട്ടികവർഗ്ഗക്കാർക്ക് 2 വർഷവും മറ്റുള്ളവർക്ക് 3 വർഷവും സീനിയോറിറ്റി വേണം<br>യഥാസമയം പുതുക്കാത്തതിനാലൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്ന സാഹചര്യത്തിൽ പുനർ രജിസ്ട്രേഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം. | 45 ദിവസം |

| | | | |
|---|---|---|---|
| 35 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (2 പകർപ്പ്)<br>അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ (ബാധകമായ സംഗതികളിൽ)<br>വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്<br>വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച് വെള്ളക്കടലാസിൽ എഴുതിയ /അച്ചടിച്ച പ്രതിശ്രുത വരന്റെ സത്യവാങ്മൂലം<br>വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ സ്ഥിര താമസക്കാരിയാണെന്ന രേഖ (3 വർഷം)<br>വിവാഹത്തിന് 1 മാസം മുമ്പ് അപേക്ഷിക്കാത്ത പക്ഷം കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ (പരമാവധി 1 വർഷം വരെ)<br>അർഹതാ മാനദണ്ഡം<br>വിവാഹ ദിവസം പെൺകുട്ടിക്ക് 18 വയസ് കഴിഞ്ഞിരിക്കണം<br>കുടുംബ വാർഷിക വരുമാനം - 20000/-<br>വിവാഹിതയാകുന്ന പെൺകുട്ടി 3 വർഷം കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം<br>സ്വർണ്ണം ഉൾപ്പടെയുള്ള ആകെ സമ്പത്ത് 50000/- രൂപയിൽ കവിയരുത്(ജി.ഒ (എം.എസ്) 76/2012 സ.നി.വ) തീയതി 26.12.2012) | ജില്ലാ കലക്ടർക്ക് സമർപ്പിക്കേണ്ട ത് 30 ദിവസം |
| 36 | കെട്ടിടത്തിന് നമ്പർ നൽകൽ | പെർമിറ്റ് പ്രകാരം പണിത കെട്ടിടത്തെ സംബന്ധിച്ച് വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ ഒക്യുപൻസി സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമായ പുതിയ കെട്ടിടങ്ങൾക്ക് മാത്രം)<br>വസ്തു നികുതി ചട്ടം ഫാറം 2/2 എയിലുള്ള റിട്ടേൺ<br>പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടത്തെ സംബന്ധിച്ചെള്ളക്കടലാസിലുള്ള അപേക്ഷ<br>എ 2 ഫോറവും അനുബന്ധ രേഖകളും നല്കിയിട്ടില്ല എങ്കിൽ താഴെപ്പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കണം<br>കെട്ടിടത്തിന്റെ വിവരങ്ങളടങ്ങുന്ന സ്റ്റേറ്റ് മെന്റ്<br>കെട്ടിടത്തിന്റെ അതിരുകൾ വ്യക്തമാക്കുന്ന റഫ് സ്കെച്ച്<br>ആധാരത്തിന്റെ പകർപ്പ്<br>പൊസഷൻ സർട്ടിഫിക്കറ്റ് വസ്തു നികുതി ചട്ടത്തിലുള്ള ഫോറം<br>2/2 എയിലുള്ള റിട്ടേൺ | 30 ദിവസം |

| | | | |
|---|---|---|---|
| 37 | വസ്തു നികുതിയിൽ നിന്നും ഒഴിവാക്കൽ(പൊളിച്ച് നീക്കിയ കെട്ടിടങ്ങൾ/ വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾ) | വെള്ളക്കടലാസിൽ തയ്യാറാക്കിയ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 45 ദിവസം |
| 38 | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് ചെയ്യൽ **(2011 ലെ** വസ്തുനികുതി ചട്ടം **21)** | വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ (5 രൂപ കോർട്ട്ഫീ സഹിതം)<br>(ഓരോ അർദ്ധ വർഷത്തേക്കും പ്രത്യേകം അപേക്ഷ നല്കണം) | 45 ദിവസം |
| 39 | നികുതിയിന്മേലുള്ള അപ്പീൽ **(2011** ലെ വസ്തുനികുതി ചട്ടങ്ങൾ **16, 1996** ലെ നികുതി നിര്ണ്ണയവും അപ്പീലും ചട്ടങ്ങൾ**)** | വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് സഹിതം)<br>നികുതി അടച്ച രശീതിയുടെ പകർപ്പ് | അപ്പീൽ ലഭിച്ച് 60 ദിവസത്തിനകം കം |
| 40 | വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 15 ദിവസം |
| 41 | നികുതി രഹിത കെട്ടിടം എന്ന സർട്ടിഫിക്കറ്റ് | വാർഡ് നമ്പറും കെട്ടിട നമ്പറും വ്യക്തിമാക്കി കൊണ്ടുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം) | 1 ദിവസം |
| 42 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | https://tax.lsgkerala.gov.in എന്ന വെബ് സൈറ്റിൽ പ്രവേശിക്കുക.<br>Select District→ Change to Gramapanchayat→ click serach → select Thamarassery Gramapanchayat→ click Building Age certificate→select ward year (2010)→Enter ward number , Door number ,Sub number( if any) → click on search. തുടർന്ന് ലഭ്യമാകുന്ന വിവരങ്ങളിൽ ഉടമസ്ഥന്റെ പേരിന്മുകളിൽ ക്ലിക്ക് ചെയ്യുക. → Age certificate എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക→ → ->തുടർന്ന് സർട്ടിഫിക്കറ്റിന്റെ ആവശ്യം രേഖപ്പെടുത്തുക→ സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക<br>അല്ലെങ്കിൽ<br>വാർഡ് നമ്പറും കെട്ടിട നമ്പറും വ്യക്തിമാക്കി കൊണ്ട് വെള്ളകടലാസ്സിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം) നികുതി കുടിശ്ശിക ഉണ്ടെങ്കിൽ ആയത് അടച്ച രശീതി,നികുതി നിശ്ചയിച്ചതു സംബന്ധിച്ച മുന്കാല രേഖകൾ ഉണ്ടെങ്കിൽ അവ | 7 ദിവസം |

| | | | |
|---|---|---|---|
| 43 | ബി പി എൽ സർട്ടിഫിക്കറ്റ് | അംഗീകരിച്ച ബി പി എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ബി പി എൽ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ യിൽ വാർഡ് നമ്പറും വീട്ട് നമ്പറും വ്യക്തമാക്കിയിരിക്കണം. | തൽസമയം |
| 44 | തൊഴിൽ കാർഡ് ലഭിക്കലും തൊഴിൽ നൽകലും | വെള്ളക്കടലാസിൽ എഴുതിയ അപേക്ഷയോടൊപ്പം രേഷൻ കാർഡ് / സ്ഥിര താമസം തെളിയിക്കുന്ന രേഖ , കുടുംബാംഗങ്ങളുടെ ഫോട്ടോകൾ എന്നിവ സഹിതം അപേക്ഷിക്കുക. | 15 ദിവസം |
| | | | |

| | | | |
|---|---|---|---|
| 45 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ മുതലായവയുടെ ഇൻസ്റ്റാലേഷൻ പ്രവർത്തനങ്ങൾക്ക് മുമ്പ് വാങ്ങേണ്ട അനുമതി ( കെ.പി.ആർ ആക്ട് സെക്ഷൻ 233, 234, 236, 237, 1996 ലെ ചട്ടങ്ങൾ) | മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമില്ലാത്ത സംഗതികളിലും അപേക്ഷകൻ മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സംഗതികളിലും - 30 ദിവസം (കെ.പി.ആർ. വകുപ്പ് 233)<br><br>1.നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2.സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ്<br>3.അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ അപേക്ഷകന് നിശ്ചിത സ്ഥലത്ത് നിർമ്മാണത്തിനും ഉപയോഗത്തിനും അനുവദിച്ച് കൊണ്ടുള്ള സ്ഥല ഉടമയുമായുള്ള കരാറിൻറെ പകർപ്പ്<br>4.1948 ലെ ഫാക്ടറീസ് ആക്ടുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഫാക്ടറി ഇൻസ്പെക്ടറുടെയോ അല്ലെങ്കിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടേയോ പദവിയിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനിൽ നിന്നുള്ള റിപ്പോർട്ട്. (കെ.പി.ആർ. ആക്ട് 233 ൽ 4 എ)<br>5.ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്. (മലിനീകരണത്തിന് സാധ്യതയുള്ള പട്ടിക V പ്രകാരമുള്ള സംഗതികളിലും 25 കുതിരശക്തിയിൽ കൂടുതൽ കണക്ടറ്റഡ് ലോഡ് വരുന്ന എല്ലാ സംഗതികളിലും) എന്നാൽ ഏതൊരു കാര്യത്തിലും മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനോ നൽകുന്ന റിപ്പോർട്ട് ഹാജരാക്കുന്ന/ | 30 ദിവസം |

| | | | |
|---|---|---|---|
| | | ലഭിക്കുന്ന സംഗതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആവശ്യമില്ലാത്തതാണ്.) (കെ.പി.ആർ. ആക്ട് 233 ൽ 4 ബി)<br>6. തീപിടിക്കുവാനോ പൊട്ടിത്തെറിക്കുവാനോ സാധ്യതയുള്ള സംഗതികളിൽ ഫയർ ഡിവിഷണൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ( കെ.പി.ആർ. ആക്ട് 233 ൽ 4 സി)<br>7. കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള അപേക്ഷ.<br>8. 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ലാൻ (100 മീറ്റർ റേഡിയസിലുള്ള ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, താമസസ്ഥലങ്ങൾ എന്നിവ അടയാളപ്പെടുത്തിയിരിക്കണം. എന്നാൽ ഇവരിൽ നിന്ന് എൻ.ഒ.സി ആവശ്യമില്ല)<br>9. എക്സ് പ്ലോസീവ് വിഭാഗത്തിൽപ്പെട്ടവയ്ക്ക് ജില്ലാ കളക്ടറുടെ/ചീഫ് കൺട്രോളർ ഓഫ് എക്സ് പ്ലോസീവിന്റെ അനുവാദ പത്രം<br><br>ഡി ആൻറ് ഒ ചട്ടത്തിലെ പട്ടിക III, IV പ്രകാരം ഭരണസമിതി<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ (ഗ്രീൻ ചാനലിനുള്ള അപ്പീൽ അധികാരം റദ്ദാക്കി. എസ്.ആർ.ഒ നം. 506/2012(സ.ഉ.(അ)), 184/2012/തസ്വഭവ തീയതി 2.7.2012) | |
| 46 | 2.9.2 വ്യാപാര – വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ( കെ.പി.ആർ ആക്ട് സെക്ഷൻ 232, 1996 ലെ ചട്ടങ്ങൾ) | 1.നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (അപേക്ഷാ ഫാറത്തിൻറെ മാതൃക അനുബന്ധം 36)<br>2.ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ കൈവശം കൊണ്ടുള്ള സ്ഥല ഉടമയുടെ പക്കൽ നിന്നുള്ള രേഖ<br>പട്ടിക I ലെ വ്യാപാരങ്ങൾക്ക് പട്ടിക II പ്രകാരവും യന്ത്രസാമഗ്രികൾക്ക് പട്ടിക III, IV പ്രകാരവും (ചട്ടം 17,18,20,21) (പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് – വേസ്റ്റ് മാനേജ് മെന്റ് ചാർജ്ജ് കുറിപ്പ് 14 കാണുക) | 15 ദിവസം |
| 47 | 2.9.3 ക്വാറികൾക്കുള്ള ലൈസൻസുകൾ ( കെ.പി.ആർ ആക്ട് | 1.നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2.മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള | 30 ദിവസം |

| | | | |
|---|---|---|---|
| | സെക്ഷൻ 232) | സർട്ടിഫിക്കറ്റ്<br>3.ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ<br>4. സ്വകാര്യ ഭൂമി ആണെങ്കിൽ റെവന്യൂ വകുപ്പിൽ<br>നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്. റെവന്യൂ ഭൂമിയാണെങ്കിൽ റെവന്യൂ വകുപ്പിന്റെ കെ.എൽ.സി. ആക്ട് പ്രകാരമുള്ള അനുമതി<br>5. റെവന്യൂ വകുപ്പിൽ നിന്നൊ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് പക്കൽ നിന്ന് ലഭിച്ച അനുമതി (ബാധകമായവയക്ക് മാത്രം)<br>6. പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് ( ബാധകമായവയ്ക്ക് മാത്രം)<br>7. മൈനിംഗ് ആൻറ് ജിയോളജി ഡിപ്പാർട്ട് മെൻറിൽ നിന്നുള്ള അനുമതി<br>8. ക്വാറി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർട്ടിഫൈഡ് സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും<br>1.സ്റ്റേറ്റ് എൻവയേൺ മെൻറൽ ഇംപാക്ട് അസസ് മെന്റ് അതോറിറ്റിയുടെ അനുമതി *<br>2.കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ (ആവശ്യമെങ്കിൽ) | |
| 48 | ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതിന് മുമ്പുള്ള സ്ഥാപന അനുമതി (2012 ലെ ചട്ടങ്ങൾ) (കന്നുകാലി 5 ൽ കൂടുതൽ, ആട് 20 ൽ കൂടുതൽ, മുയൽ 25 ൽ കൂടുതൽ, പൌൾട്രി 100 ൽ കൂടുതൽ, പന്നി 5 ൽ കൂടുതൽ) | 1.ഫാറം നമ്പർ ഒന്നിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 6)<br>2.ഫാമിൽ വളർത്താൻ ഉദ്ദേശിക്കുന്ന മൃഗങ്ങളുടെ/ പക്ഷികളുടെ വിവരങ്ങൾ/എണ്ണം<br>3.സൈറ്റ് പ്ലാന്, സ്കെച്ച്, ബിൽഡിംഗ് പ്ലാൻ (സാനിറ്റേഷൻ സൌകര്യം, സ്ഥലത്തിന്റെ വിസ്തീർണ്ണം, ഫാമിന്റെ അതിർത്തിയിൽ നിന്ന് 10 മീറ്റർ പരിധിയിൽ ജനവാസം സംബന്ധിച്ചുള്ള വിവരങ്ങൾ, മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നിവ കാണിച്ചിരിക്കണം) | 30 ദിവസം |
| 49 | ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് (2012 ലെ ചട്ടങ്ങൾ) | 1.ഫാറം നമ്പർ ഒന്നിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 6)<br>2.ഫാമിൽ വളർത്താൻ ഉദ്ദേശിക്കുന്ന മൃഗങ്ങളുടെ/ പക്ഷികളുടെ വിവരങ്ങൾ/എണ്ണം<br>3.സൈറ്റ് പ്ലാന്, സ്കെച്ച്, ബിൽഡിംഗ് പ്ലാൻ (സാനിറ്റേഷൻ സൌകര്യം, സ്ഥലത്തിന്റെ വിസ്തീർണ്ണം, ഫാമിന്റെ അതിർത്തിയിൽ നിന്ന് 10 മീറ്റർ | 30 ദിവസം |

| | | | |
|---|---|---|---|
| | | പരിധിയിൽ ജനവാസം സംബന്ധിച്ചുള്ള വിവരങ്ങൾ, മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നിവ കാണിച്ചിരിക്കണം)<br><br>1.അനുമതി പത്രത്തിൻറെ പകർപ്പ്<br><br>2.ഫാറം 2 ൽ ഉള്ള നിശ്ചിത അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത് ) **ചട്ടം 7 (1)**<br>3.കോരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ<br><br>പ്രകാരമുള്ള ഒക്യുപെൻസി സർട്ടിഫിക്കറ്റ് | |
| 50 | സ്വകാര്യ ശ്മശാനം (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലം) സ്ഥാപിക്കൽ/ വിപുലീകരിക്കൽ എന്നിവക്ക് ലൈസൻസ് നൽകൽ (1998 ലെ ചട്ടങ്ങൾ) | ലൈസൻസ് നൽകേണ്ടത് : ജില്ലാ കളക്ടർ<br><br>രജിസ്ട്രേഷൻ നടത്തേണ്ടത് : സെക്രട്ടറി (ജില്ലാ കളക്ടറിൽ നിന്ന് ലൈസൻസ് ലഭിക്കുന്ന മുറക്ക് )<br><br>1.നിശ്ചിത ഫോറത്തിലുള്ള അപേക്ഷ(ഫോറം 1 ചട്ടം 6)<br><br>2.ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3.സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും<br>4.വില്ലേജ് ഓഫീസറിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്<br>5. 50 മീറ്റർ റേഡിയസിൽ വരുന്ന ജനവാസ ഗൃഹങ്ങളുടെയും ജലസ്രോതസുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സ്ഥലത്തിന്റെ മാപ്പ്<br>6.ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം ഉണ്ടെങ്കിൽ<br><br>കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ<br><br>അപേക്ഷ ഫീസ് : 1000 രൂപ ചട്ടം 6 **(3)** | 30 ദിവസം |
| 51 | സ്വകാര്യ മാർക്കറ്റുകൾക്കുള്ള പുതിയ ലൈസൻസുകൾ /ലൈസൻസുകൾ പുതുക്കൽ (കെ.പി.ആർ ആക്റ്റ് സെക്ഷൻ 221 മുതൽ 224 വരെ – 1996 ലെ ചട്ടങ്ങൾ) | 1. II-മാം നമ്പർ ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 9)<br><br>2.സ്റ്റാളുകൾ, തുറസ്സായ സ്ഥലങ്ങൾ, പോക്കുവരവിനുള്ള വഴികൾ, അഴുക്കുചാലുകൾ, ശൗചാലയങ്ങൾ തുടങ്ങിയവയുടെ സ്ഥാനം രേഖപ്പെടുത്തിയ സ്കെച്ച്<br><br>3.ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലം പാട്ടത്തിന് കൊടുത്തതിൻറെ എഗ്രിമെന്റ്<br><br>4.പുതുതായി തുടങ്ങുന്ന സംഗതിയിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റിനുള്ള അപേക്ഷ | 30 ദിവസം |

| | | | |
|---|---|---|---|
| | | 5.പുതുതായി തുടങ്ങുന്ന സംഗതിയിൽ പരസ്യം ചെയ്യുന്നതിനുള്ള ചെലവ് തുക പഞ്ചായത്തിൽ അടച്ചതിന്റെ രശീത്. ചട്ടം 9 **(iv)**<br><br>6.പുതുക്കുവാനാണെങ്കിൽ മൊത്തം ടേൺ ഓവറിന്റെ സ്റ്റേറ്റ്മെൻറ് ചട്ടം 9 **(iii)** | |
| 52 | 2.10.3 സ്വകാര്യ കശാപ്പുശാലകളും ഇറച്ചിക്കടകളും തുടങ്ങുന്നതിനും പുതുക്കുന്നതിനുമുള്ള ലൈസൻസ് (കെ.പി.ആർ ആക്ട് സെക്ഷൻ 229 മുതൽ 231 വരെ – 1996 ലെ ചട്ടങ്ങൾ) | 1. ഫാറം മുന്നിലുള്ള അപേക്ഷ (ചട്ടം 32)<br>2.കെട്ടിടത്തിന്റെ പ്ലാനും സ്കെച്ചും (ജലലഭ്യത സംബന്ധിച്ച വിവരങ്ങൾ കാണിച്ചിരിക്കണം)<br><br>3. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം<br><br>4.സ്ഥലത്തിൻറെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ<br><br>5.അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലമുടമസ്ഥന്റെ സമ്മതപത്രം<br><br>6. 150 മീറ്റർ റേഡിയസിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വാസസ്ഥലങ്ങൾ, പൊതുനിരത്തുകൾ എന്നിവ കാണിക്കുന്ന സ്ഥലത്തിൻറെ സ്കെച്ച്<br><br>7.കശാപ്പ് നടത്തുന്ന ആളുടെ ലൈസൻസിന്റെ പകർപ്പ് (ചട്ടം 6)<br><br>8.പരസ്യ ചെലവിനുള്ള തുക മുൻകൂറായി അടച്ചതിൻറെ രശീതി (ചട്ടം 32 (3)) | 30 ദിവസം |
| 53 | സ്വകാര്യ വണ്ടിത്താവളങ്ങള്, വാഹന സ്റ്റാൻറുകൾ എന്നിവയ്ക്കുള്ള ലൈസൻസ് (കെ.പി.ആർ ആക്ട് സെക്ഷൻ 227 മുതൽ 22 വരെ – 1995 ലെ ചട്ടങ്ങൾ) | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (അനുബന്ധം 37)<br>2.ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3.അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലം അപേക്ഷകന് പാട്ടത്തിന് നൽകിയതിന്റെ എഗ്രിമെൻറ്<br>4.സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും<br>5.പരസ്യം ചെയ്യുന്നതിനുള്ള ചാർജ് പഞ്ചായത്തിൽ അടച്ചതിന്റെ രശീത് (ചട്ടം 22 (3)) | 30 ദിവസം |

| | | | |
|---|---|---|---|
| | | 6.വില്ലേജ് ഓഫീസറിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്<br>7.റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അനുമതി (ചട്ടം 23)<br>8.ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം ഉണ്ടെങ്കിൽ കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ | |
| 54 | 2.10.5 പി.പി.ആർ ആക്ട് പ്രകാരമുള്ള ലൈസൻസ്( 1963 ലെ പി.പി.ആർ ആക്ട് 1965 ലെ ചട്ടങ്ങളും) | 1. അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് (മാതൃകാ അനുബന്ധം 38)<br>2. സ്ഥലത്തിൻറെ സ്കെച്ചും പ്ലാനും (സൈറ്റ് പ്ലാനും ബിൽഡിംഗ് പ്ലാനും)<br>3. സ്ഥലത്തിൻറെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ<br>4. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ<br>സ്ഥലമുടമയുടെ സമ്മതപത്രം | 21 ദിവസം |
| 55 | 2.10.6 സിനിമ റെഗുലേഷൻ ആക്ട് പ്രകാരം സിനിമാശാലകൾ നിർമ്മാണം തുടങ്ങുന്നതിന് മുമ്പുള്ള അനുമതി ( 1958 ലെ ആക്ടും 1988 ലെ ചട്ടങ്ങളും) | 1. നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 4, ഫോറം A)<br>2.100 മീറ്റർ റേഡിയസിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവ അടയാളപ്പെടുത്തിയ സൈറ്റ് പ്ലാൻ<br>3.സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ<br>4.അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലമുടമയുടെ സമ്മതപത്രം<br>5. പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നുള്ള സ്ട്രക്ചറൽ സൗണ്ട്നസ് സർട്ടിഫിക്കറ്റിന് വേണ്ട സ്ട്രക്ചറൽ ഡിസൈൻ രേഖ<br>6.ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി ഇലക്ട്രിക്കൽ വയറിംഗ് പ്ലാൻ സംബന്ധിച്ച രേഖ<br>7. സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഹെൽത്ത് ഓഫീസർക്ക് അയക്കേണ്ടതായ സാനിറ്റേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ പ്ലാൻ<br>8. നിശ്ചിത ഫീസ് അടച്ച രശീതി<br>9. എയർകണ്ടീഷൻ / ബഹുനില / മൾട്ടിപ്പിൾ തിയേറ്ററാണെങ്കിൽ ഫയർ ഓഫീസറുടെ | 15 ദിവസം |

| | | | |
|---|---|---|---|
| | | സാക്ഷ്യപത്രത്തിന് ആവശ്യമായ രേഖകൾ | |
| 56 | 2.10.6.1 സിനിമ റെഗുലേഷൻ ആക്ട് പ്രകാരം സിനിമാശാലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ( 1958 ലെ ആക്ടും 1988 ലെ ചട്ടങ്ങളും) | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ ( അനുബന്ധം 39)<br>2. സ്ട്രക്ച്ചറൽ സൗണ്ട്നസ് സർട്ടിഫിക്കറ്റ് (ഫോറം സി) (ചട്ടം 12)<br>3. ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നുള്ള ഫോറം ഡി യിലുള്ള സർട്ടിഫിക്കറ്റ്.<br>4. മെഡിക്കൽ ഓഫീസറിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ്<br>5. മൾട്ടിപ്പിൾ/മൾട്ടി സ്റ്റോറി/എയർകണ്ടീഷൻറ് തീയേറ്ററുകളുടെ കാര്യത്തിൽ ഡിവിഷണൽ ഫയർ ഓഫീസറുടെ സർട്ടിഫിക്കറ്റ്<br>6. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച ഓക്യുപെൻസി സർട്ടിഫിക്കറ്റ്<br>7. ഫിലിംസ് ഡിവിഷൻ സർട്ടിഫിക്കറ്റ് (ചട്ടം 13)<br>8. ഫീസടച്ച രശീതി | 14 ദിവസം |
| 57 | 2.10.7 വിനോദ നികുതി നിശ്ചയിച്ചുകൊണ്ടുള്ള പെർമിറ്റ് (1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എൻറർടൈയ്മെൻറ് ടാക്സ് ആക്ടും 1962 ലെ ചട്ടങ്ങളും) | ഫോറം 4 ൽ ഉള്ള അപേക്ഷ (ചട്ടം 6), സ്ഥലമുടമയുടെ അനുമതി (അപേക്ഷകൻ ഉടമസ്ഥനല്ലെങ്കിൽ) | 7 ദിവസം |
| 58 | 2.10.8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ( കെ.പി.ആർ ആക്ട് സെക്ഷൻ 265 മുതൽ 267 വരെ, 1999 ലെ ചട്ടങ്ങളും) | 1. നിശ്ചിത ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 3, ഫോറം 2)<br>2. സ്ഥലത്തിൻറെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3. അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം/എഗ്രിമെൻറിൻറെ പകർപ്പ് | 15 ദിവസം |
| 59 | 2.10.9 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ | 1. നിശ്ചിത ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീ പതിച്ച അപേക്ഷ (ചട്ടം 3 ഫോറം 1)<br>2.കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3.അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ | 15 ദിവസം |

| | | | |
|---|---|---|---|
| | ( കെ.പി.ആർ ആക്ട് സെക്ഷൻ 269 മുതൽ 271 വരെ,1999 ലെ ചട്ടങ്ങളും ) | സമ്മതപത്രം<br>4.കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് ആവശ്യമായ സംഗതികളിൽ ഓക്യുപെൻസി സർട്ടിഫിക്കറ്റ് | |
| 60 | 2.10.10 പട്ടികൾക്കും പന്നികൾക്കും ലൈസൻസ് നൽകൽ ( 1998 ലെ ചട്ടങ്ങൾ) | 1. അപേക്ഷ (5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം. അപേക്ഷയിൽ പ്രായം, നിറം, ഇനം മുതലായവ കാണിച്ചിരിക്കണം.)<br>2. പേപ്പട്ടി വിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ടെന്നുള്ള മൃഗഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് | 30 ദിവസം |
| 61 | 2.11.1 ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നുള്ള സർട്ടിഫിക്കറ്റുകൾ നൽകൽ | ബി.പി.എൽ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ (വാർഡ് നമ്പറും വീട്ടു നമ്പറും ഉൾപ്പെടുത്തിയിരിക്കണം) | 1 ദിവസം |
| 62 | 2.11.2. തൊഴിൽ കാർഡ് ലഭിക്കലും തൊഴിൽ നൽകലും | 1. വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ<br>2. റേഷൻകാർഡ്/സ്ഥിരതാമസം തെളിയിക്കുന്ന രേഖ<br>3. കുടുംബാംഗങ്ങളുടെ ഫോട്ടോകൾ | 15 ദിവസം |
| 63 | 2.11.3 അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിലുള്ള മുൻകരുതലുകൾ (വകുപ്പ് 238) | 1. അപേക്ഷ വെള്ളക്കടലാസിൽ എഴുതി നൽകിയാൽ മതി | 14 ദിവസം |
| 64 | 2.11.4 നിർദ്ധനവ്യക്തികൾക്ക് ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകൽ (കെ.പി.ആർ നിയമം 177, 2003 ലെ ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ) | വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ വെള്ളക്കടലാസിലെ അപേക്ഷ | 15 ദിവസം |
| 65 | ഹാൾ, ഗ്രൗണ്ട് തുടങ്ങിയവ വാടകയ്ക്ക് നൽകൽ | വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ വെള്ളക്കടലാസിലെ അപേക്ഷ | 3 ദിവസം |

| | | | |
|---|---|---|---|
| 66 | പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി | 1. ഫോറം എയിലുള്ള അപേക്ഷ (അഞ്ചു രൂപ സ്റ്റാമ്പ് പതിച്ചത് ) മാതൃക 44 നോക്കുക<br>2. റഫ് പ്ലാൻ<br>3. പൊളിച്ചു മാറ്റികൊള്ളാമെന്നുള്ള സമ്മതപത്രം<br>4. ഉടമസ്ഥാവകാശ രേഖകൾ (സ്വകാര്യ ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട ഉടമസ്ഥൻറെ സമ്മതപത്രം | 15 ദിവസം |
| 67 | 2.11.7 പഞ്ചായത്ത് റോഡിൽ കുടി വെള്ളം കൊണ്ടുപോകുന്നതിനും കേബിൾ ഇടുന്നതിനും റോഡ് കട്ട് ചെയ്യൽ, കാനയ്ക്കുമുകളിൽ പൈപ്പുകൾ സ്ലാബുകൾ സ്ഥാപിക്കൽ എന്നിവ | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ആവശ്യം സൂചിപ്പിച്ചു കൊണ്ട് വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ<br>2. റോഡ് കട്ടിംഗ് സംബന്ധിച്ച് അളവുകൾ കാണിക്കുന്ന പ്ലാൻ<br>3.സൈറ്റ് പ്ലാൻ | 30 ദിവസം |